"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായവകുപ്പ് - സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി-2026-27 സാമ്പത്തിക വർഷം-പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരുടെ വേതന ഇനത്തിൽ 18,54,509/- രൂപയ്ക്ക് റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.1059/2026/ID തീയതി,തിരുവനന്തപുരം, 10-09-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.718/2026/വ്യവ തീയതി 13/07/2026.
2. സ.ഉ(സാധാ) നം.720/2026/വ്യവ തീയതി 14/07/2026.
3. സ.ഉ(സാധാ) നം.953/2026/വ്യവ തീയതി 14/08/2026.
4. കൈത്തറി ഡയറക്ടറുടെ 18/08/2026 തീയതിയിലെ എച്ച്.എൽ/1060/2026-സി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2026-27 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി Budget Statements Alteration 2026-27 പ്രകാരം 2202-01-102-95(02) ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിട്ടുള്ള 56 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയും നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി 9,20,00,000/- രൂപയ്ക്ക് 2202-01-102-95(02)(പി) ശീർഷകത്തിൻ കീഴിൽ റിലീസ് അനുമതി നൽകിയും സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായുള്ള ഡൈയിംഗ് ചാർജ്ജ് ഇനത്തിൽ അനുവദിച്ചതും എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം ലഭിക്കാതിരുന്നതുമായ 2 കോടി രൂപയ്ക്ക് 2026-27 സാമ്പത്തിക വർഷം 2202-01-102-95-02(പി) ശീർഷകത്തിൽ നിന്നും റിലീസ് അനുമതി നൽകി സൂചന (2) പ്രകാരവും ഉത്തരവായിരുന്നു. കൂടാതെ, സൂചന(3) ഉത്തരവ് പ്രകാരം 2026-27 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രവർത്തനത്തിനായി 30 കോടി രൂപയ്ക്ക് 2202-01- 102-95-02(പി) ശീർഷകത്തിൻ കീഴിൽ റിലീസ് അനുമതി നൽകുകയുമുണ്ടായി.

(2) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി സൂചന(3)പ്രകാരം റിലീസ് അനുമതി നൽകിയ 30 കോടി രൂപയിൽ നിന്നും 29.82 കോടി രൂപയാണ് അനുവദിച്ചു ലഭ്യമായതെന്നും ആയതിൽ ബാക്കി നിൽക്കുന്ന 18 ലക്ഷം രൂപയും 2202-01- 102-95-02(പി)ശീർഷകത്തിൽ ബാക്കി നിൽക്കുന്ന 54,509/- രൂപയും ചേർത്ത് ആകെ 18,54,509/-രൂപ, പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരുടെ വേതന ഇനത്തിൽ കുടിശ്ശികയായ, 2026 ജൂൺ മാസം മുതലുള്ള വേതന തുക, അനുവദിക്കുന്നതിനായി അനുമതി നൽകണമെന്നും കൈത്തറി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പ ത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രവർത്ത നത്തിന്റെ ഭാഗമായി, ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരുടെ 2026 ജൂൺ മുതലുള്ള വേതന ഇനത്തിൽ, 2202-01-102-95-02(പി)ശീർഷകത്തിൽ ശേഷി ക്കുന്ന 18,54,509/-രൂപ (പതിനെട്ട് ലക്ഷത്തി അമ്പത്തിനാലായിരത്തി അഞ്ഞൂ റ്റി ഒൻപത് രൂപ)യ്ക്ക് റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്.
ധനകാര്യ(Education A) വകുപ്പ്.
ധനകാര്യ (I&PW-A) (E-3526433/1 &PW-A3/49/2026-Fin dated 09/09/2026
പ്രകാരം).
ധനകാര്യ (Budget) വകുപ്പ്.
വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി നായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Indulekha C
Date: 10-09-2026
14:01:21
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.വ്യവസായ-വിവരസാങ്കേതികവിദ്യവകുപ്പ് മന്ത്രിയുടെ പി.എസ്-ന്